ഇൻഡ്യാ ഗവൺമെൻറിൻെറ പുതിയ വിദ്യാഭ്യാസ രേഖ

99. [149] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻഡ്യാ ഗവൺമെൻറിൻെറ പുതിയ വിദ്യാഭ്യാസരേഖ സംസ്ഥാനത്തിൻെറ അറിവിനും നിർദ്ദേശങ്ങൾക്കും അയച്ചു തന്നിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ രേഖയുടെ വിശദവിവരങ്ങൾ പറയാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ വിദ്യാഭ്യാസ രൂപരേഖയുടെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. †

പബ്ലിക് ലൈബ്രറിയിൽ മൈക്രോഫിലിം യൂണിറ്റ്

100. [150] ശ്രീ. കെ. ശങ്കരനാരായണ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിൽ ഗവൺമെൻറ് സ്ഥാപിച്ച മൈക്രോഫിലിം യൂണിറ്റിന് എത്ര ലക്ഷം രൂപ ചെലവായി ;

(ബി) അത് സ്ഥാപിച്ച നാൾ മുതൽ പ്രവർത്തനക്ഷമമല്ലെന്നറിയുന്നത് ശരിയാണോ ;

(സി) ആ യൂണിറ്റുകൊണ്ട് ഇതുവരെ എന്ത് നേട്ടമുണ്ടായി ?

ഉത്തരം

(എ) 3,40,119 രൂപ 20 പൈസ.

(ബി) ശരിയല്ല.

(സി) 96 പുസ്തകങ്ങളുടെ പകർപ്പ് എടുത്തിട്ടുണ്ട്.

ലൈബ്രറി സയൻസ് സർട്ടിഫിക്കറ്റ് കോഴ്സ്

101. [151] ശ്രീ. കെ. ശങ്കരനാരായണ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

തിരുവനന്തപുരം പബ്ലിക് ലൈബ്രറിയിലെ സയൻസ് സർട്ടിഫിക്കറ്റ് കോഴ്സിന് ഈ വർഷം പ്രവേശനം നേടിയവർ ഏതേത് ഗ്രന്ഥശാലകളിൽ പ്രവർത്തിക്കുന്നവരാണെന്ന വിവരം വെളിപ്പെടുത്താമോ ?

ഉത്തരം

വിശദവിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു. ††

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

†† അനുബന്ധം II

LIBRARY ARCHIVES Kerala Legislative Assembly